കുട്ടികൾക്കുള്ള അരിവിതരണം

19 [3441] *ശ്രീ. എ. കെ. ബാലൻ:*

" *വി. കെ. ചന്ദ്രൻ:*

" *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന അപ്പർ പ്രൈമറിതലംവരെയുള്ള കുട്ടികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ ഇനത്തിൽ കോർപ്പറേഷന് 31-5-2005 വരെ എന്തുതുക ലഭിക്കാനുണ്ട്;

(ഡി) ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവവേളകളിൽ കുട്ടികൾക്ക് അരി വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ഇ) കുട്ടികൾക്ക് നൽകുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) 43 കോടി രൂപ.

(ഡി) ഉണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് എന്നീ ഉത്സവവേളകളിൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിക്കുള്ളിൽ വരുന്ന കുട്ടികൾക്ക് 5 കിലോഗ്രാം വീതം അരി നൽകിയിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

GPM.2/610/2012—6

LIBRARY ARCHIVES Kerala Legislative Assembly